# അമൃതം, അമൃതാനന്ദം, അമൃതാനന്ദമയം....

**സന്തോഷ്** മാധവൻ എന്ന സ്വാമി അമൃത ചൈതന്യയെ രക്ഷപ്പെടുത്താൻ മറ്റൊരു വഴിയും പോലീസിന് ഉണ്ടായിരുന്നില്ല. തെളിവും പരാതിക്കാരും പോലീസിന്റെ അളയിൽ കുത്തുവോളം കാത്തുനിന്ന ആ അറസ്റ്റ് അവരകപ്പെട്ട നിസ്സഹായാവസ്ഥയുടെ കൂടി ഭാഗമായിരുന്നു. ആയുധ കള്ളക്കടത്തിന് അന്താരാഷ്ട്ര കുറ്റാന്വേഷകർ തെരയുന്ന 'സന്തോഷ് മാധവൻ' താനല്ലെന്ന് പോലീസ് ഐ.ജിയുടെ ഓഫീസിൽ നേരിട്ടുചെന്ന് വിശദീകരിച്ചപ്പോൾ എന്തൊരു വിധേയത്വമായിരുന്നു പോലീസിന്! അത് തലകുലുക്കി സമ്മതിച്ച് വിട്ടയച്ച വ്യക്തിയെയാണ് രണ്ടാം ദിവസം നാടൊട്ടുക്കും അന്വേഷിച്ചു പായേണ്ടി വന്നത്. 'സ്വാമി'യുടെ സ്ഥാനത്ത് മറ്റാരായിരുന്നാലും ഡി.ഐ.ജി ഏമാൻ അന്നുതന്നെ തൂക്കിയെടുത്ത് ലോക്കപ്പിലിടുകയല്ലേ ചെയ്യുമായിരുന്നത്? അതിരിക്കട്ടെ 'ഭദ്രാനന്ദ'ത്തിന്റെ കാര്യമോ? പോലീസ് സ്റ്റേഷനിൽ വന്നാണ് ടിയാൻ ആകാശത്തേക്ക് വെടിവെച്ചത്. ജനങ്ങളെ പിരിച്ചു വിടാൻ പോലീസ് ചെയ്യേണ്ട പണി! എന്തൊരു വിധേയത്വമായിരുന്നു അയാളെ പിന്തിരിപ്പിക്കാൻ ഒപ്പമിരുന്ന 'യശമാന്റെ' മുഖത്ത്! അഥവാ സ്വാമിയെ എങ്ങാനും ബലം പ്രയോഗിച്ച് കീഴടക്കേണ്ടി വന്നിരുന്നുവെങ്കിൽ അയാൾ തന്നെ ശപിച്ച് പട്ടിയാക്കിക്കളയുമോ എന്ന് വിശ്വസിക്കുന്നതു പോലെയുണ്ടായിരുന്നു സർക്കിൾ ഇൻസ്പെക്ടറുടെ മുഖം.

ആയുധ കള്ളക്കടത്തുമായി ബന്ധപ്പെട്ട് ഇന്റർപോളിന്റെ നോട്ടീസിൽ തന്റെ ചിത്രം വന്നത് അവരുടെ കുറ്റം കൊണ്ടാണെന്നും ചിത്രം തന്റേതാണെങ്കിലും ആ ആൾ ഈ താനല്ല എന്നും, അങ്ങനെ പ്രചരിപ്പിക്കുന്നവർ നുണപറയുകയാണെന്നും മറ്റും അവകാശപ്പെട്ട് ഡി.ഐ.ജി ഓഫീസിലും വാർത്താ മാധ്യമങ്ങളുടെ ഓഫീസിലും കയറി വന്നവന്റെ പേരിൽ 'അമൃതം' എന്ന വാൽ ഉണ്ടായത് ഭാഗ്യം. ഈ അമൃതത്തിനു പകരം വല്ല 'ഹൗദുൽ കൗസറും' ആയിരുന്നുവെങ്കിലോ? വകവെച്ചു കൊടുത്തതു തന്നെ പോലീസ്! കരിങ്കൽ ക്വാറിയിലേക്ക് ലൈസൻസില്ലാത്ത വെടിമരുന്ന് കൊണ്ടുപോയവന്റെയും ആദായ നികുതി വെട്ടിച്ച് എയർഗൺ കടത്തിയവന്റെയും തപാലിൽ ബോംബയച്ചുവെന്ന് ആരോപിച്ച് മറ്റൊരുത്തന്റെയും വീട്ടിൽ കയറി വിളയാടിയതും അവരുടെ അന്താരാഷ്ട്ര ഭീകരബന്ധങ്ങളെ കുറിച്ച് പത്രക്കാർക്ക് പാഷാണം വിളമ്പിക്കൊടുത്തതും ഇതേ പോലീസ് തന്നെയായിരുന്നു. തട്ടാന്റെ വീട്ടിലെ മുയലിനെ പോലെയാണ് കേസുകളിൽ നിന്ന് വിട്ടയക്കപ്പെട്ടാലും ഇവരുടെ കാര്യം. ചെയ്ത കുറ്റത്തെക്കാൾ വലിയ കാര്യങ്ങളാണ് അവരെ കുറിച്ച് പോലീസ് പറഞ്ഞു പരത്തിയത്. അതേസമയം സ്വാമിമാരുടെ കാര്യത്തിലാവുമ്പോൾ ഇന്റർപോൾ പറയുന്നതു പോലും തെളിവായി കണക്കിലെടുക്കാനാവില്ല. മഹാരാഷ്ട്രയിലെയും ദൽഹിയിലെയും മറ്റും പോലീസിന്റെ ശൈലിയിൽ പോലീസുകാർ 'നവീകരിക്കപ്പെടുന്ന'തിന്റെ ബാക്കിപത്രമാണിത്. കുറ്റവാളിയുടെ 'പേരിലാ'ണല്ലോ ഈ വക കേസുകളിൽ കാര്യമിരിക്കുന്നത്. പേരിലും മുഖത്തും വാക്കുകളിലും 'അമൃതം' വിളയാടുമ്പോൾ കാക്കിയുടുപ്പിട്ടവർക്ക് എങ്ങനെയാണ് കണ്ണും മൂക്കുമില്ലാതെ നിയമം നടപ്പാക്കാനൊക്കുന്നത്? കാക്കിക്കുള്ളിലുമില്ലേ ചില ഭക്തിനിർഭര ഹൃദയങ്ങൾ?

ഇന്റർപോൾ വെബ്സൈറ്റിലെ കേസുകളിൽ സന്തോഷ് മാധവന്റെ പേരിൽ ബലാത്സംഗം ഉൾപ്പെട്ടിരുന്നില്ല. സാമ്പത്തിക കുറ്റകൃത്യങ്ങളും ആയുധ കള്ളക്കടത്തുമായിരുന്നു അതിലെ പ്രധാന കേസുകൾ. ഈ കേസുകളിൽ കേരളത്തിലെ പോലീസ് ഒരുവിധ അന്വേഷണവും നടത്തിയിട്ടില്ല എന്നാണ് വ്യക്തമാവുന്നത്. എന്നല്ല അതിസമർഥമായി ആയുധക്കേസിനെ അവർ മുക്കുകയും ചെയ്തു. താൽപര്യം എന്തായാലും അതിന്റെ പ്രത്യാഘാതം രാജ്യത്തെയാണ് ബാധിക്കാൻ പോകുന്നത്. ആയുധം കള്ളക്കടത്ത് നടത്തിയതിന് ഇന്ത്യ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പലരെയും അന്യരാജ്യങ്ങളിൽ നിന്ന് പിടിച്ചു കൈമാറേണ്ടതും ഇതേ ഇന്റർപോൾ തന്നെയല്ലേ? അമൃതാനന്ദവും ഭദ്രാനന്ദവുമൊക്കെ ഇത്തരം കേസുകളിൽ പെടുമ്പോൾ കണ്ണടക്കാൻ തുടങ്ങിയാൽ ചേതം പറ്റുന്നത് രാജ്യത്തിനാണെന്നതിൽ തർക്കമുണ്ടാവാനിടയില്ല. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണ് എവിടെ നിന്നോ കുറെ നീല സി.ഡികളും പൊക്കിയെടുത്ത് പോലീസ് വിഷയം മാറ്റുന്നത്. സ്വാമി അമൃത ചൈതന്യ വെറുമൊരു 'ഭോഗാനന്ദ'യാണെന്ന് വരുത്തിത്തീർക്കുന്നത് ഫലത്തിൽ ഒരു കൊടും ക്രിമിനലിനെ രക്ഷിക്കുന്നതിന് തുല്യമാവുകയാണ്. അയാൾ ചെയ്ത കുറ്റങ്ങളിൽ വളരെ ലഘുവായ ശിക്ഷകളാണ് ഈ വകുപ്പിൽ കിട്ടാൻ പോകുന്നത്. കേരളത്തിലെ കോടതികളിൽ എത്ര ബലാത്സംഗക്കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടുന്നു എന്ന കണക്കെടുപ്പും ഈ അവസരത്തിൽ ഉചിതമായിരിക്കും. സൂര്യനെല്ലി കേസിൽ പെൺകുട്ടി തിരിച്ചറിഞ്ഞിട്ടും ഒരു പോറലുമേൽക്കാതെ പ്രതികളത്രയും വിലസി നടക്കുന്നു. കിളിരൂർ കേസിൽ സംഭവിച്ചതും അതുതന്നെ. ഈ കേസുകളിലെ പ്രതികളിലൊരാൾ രാജ്യത്തെ പരമോന്നത നിയമനിർമാണ സഭയുടെ അധ്യക്ഷപീഠത്തിൽ പോലും പ്രത്യക്ഷപ്പെടുന്നു. എന്നാൽ ആയുധം കള്ളക്കടത്ത് നടത്തിയാലും അനധികൃതമായി കൈവശം വെച്ചാലുമൊക്കെ കുറ്റകൃത്യത്തിന്റെ അടിസ്ഥാന സ്വഭാവം തന്നെ മാറിപ്പോവുകയാണ്. കേസ് കോടതിയിലെത്തിയതോടെ സഞ്ജയ് ദത്തിനെ പോലുള്ള പ്രഗൽഭർക്കു പോലും അൽപദിവസമെങ്കിലും ഇരുമ്പഴിയെണ്ണേണ്ടി വന്നു. സ്വാമിമാരുടെ കാര്യത്തിൽ ഈ ദുരന്തം സംഭവിക്കാതിരിക്കാനുള്ള മുൻകരുതലിലാണ് പോലീസ് എന്നാണ് അവരുടെ നീക്കങ്ങൾ ചൂണ്ടിക്കാട്ടുന്നത്.

എന്തൊരു ഭാഗ്യം, അല്ലേ? സ്വാമിമാരായാൽ എന്തും ചെയ്യാമെന്ന അവസ്ഥയാണ് ഇന്ന് രാജ്യത്ത്. ഇന്ത്യയിൽ ഇന്ന് ഒരു ഡസനിലേറെ ടെലിവിഷൻ ചാനലുകൾ സ്വാമിമാരുടേതാണ്. റിയൽ എസ്റ്റേറ്റ് വ്യാപാരവും പെൺവാണിഭവും തൊട്ട് നെറ്റ്‌വർക്ക് മാർക്കറ്റിംഗ് വരെ ഈ ഭക്തി റാക്കറ്റുകളിലൂടെ പൊടിപൊടിക്കുന്നു. സത്യസായി ബാബ മുതൽ ദേരാസച്ചാ സൗദയുടെ ഗുരുമീത് എന്ന 'റാം റഹീം ഇൻസാൻ' വരെ ഈ പട്ടികയിലെ കള്ളനാണയങ്ങളാണ്. കേരളത്തിലെ സംഘ് പരിവാർ സംഘടനകൾക്ക് കള്ളപ്പണവും ആയുധവും വരെ എത്തിച്ചുകൊടുക്കുന്നതും പേരിൽ അമൃതം വിളയുന്ന മറ്റൊരു ആൾദൈവമാണ്. ഈ ആൾദൈവം വിമാനത്താവളത്തിലിറങ്ങുമ്പോൾ കസ്റ്റംസ് ഉദ്യോഗസ്ഥർ കമഴ്ന്നുവീണ് 'തൃപ്പാദം' ചുംബിക്കും. എപ്പോഴോ ഒരിക്കൽ ആൾദൈവത്തിന്റെ പെട്ടികളിലൊന്ന് എക്സ്റേ മെഷീനിലിട്ട ഉദ്യോഗസ്ഥൻ ചില അമ്പരപ്പിക്കുന്ന രഹസ്യങ്ങൾ കണ്ടെത്തിയതോടെ രായ്ക്കുരാമാനം അദ്ദേഹത്തിന് സ്ഥാനചലനം സംഭവിച്ചെന്ന ഒരു കഥയും പ്രചാരത്തിലുണ്ട്. അഞ്ചു ശതമാനം നല്ല രാഷ്ട്രീയക്കാർക്ക് ചീത്തപ്പേരുണ്ടാക്കുന്നത് ബാക്കിയുള്ള 95 ശതമാനമാണെന്ന പഴമൊഴി ആത്മീയ ആചാര്യന്മാരുടെ കാര്യത്തിലേക്കെത്തുമ്പോൾ പിന്നെയും ചുരുങ്ങും. മതം ഏതായാലും ശരി പേരിൽ മാത്രമാണ് ഇവർ വ്യത്യാസപ്പെടുന്നത്. പ്രവൃത്തി എല്ലാവരുടേതും ഒന്നുതന്നെ. ■